| എൽ.എസ്.ബിജു, പ്രശാന്ത് | 40 |
| സുമതി ടീച്ചർ, പ്രീത ഭവൻ | 60 |
| നേശൻ,തച്ചൻകോട് | 100 |
| ഫ്രാങ്കിളിൻ,തച്ചൻകോട് | 200 |
| ജയൻ,സഞ്ചനാഭവൻ | 150 |
| ദാവീദ്,അനുഗ്രഹ | 70 |
| ഐസക്,എസ്.എം.കോട്ടെജ് | 100 |
| ഷെർജിൻ,എസ്.എം.കോട്ടെജ് | 50 |
| സത്യദാസ്,അഞ്ചുതെങ്ങിൻമൂട് | 60 |
| രാജേഷ്,പത്മവിലാസം | 500 |
| ഷൈനു, ഏബൻഏസർ | 200 |
| | 5230 |

ഭാഗം.9

| | |
|---|---|
| ബോസ്‌വില്യം.ടീച്ചർ,വിത്സ്ഭവൻ | 200 |
| ഗ്ലാസ്റ്റൺവില്യം,ദീപം | 100 |
| പ്രകാശ്.ജി.വില്യം | 150 |
| ദേവദാനംസാരസം,സാരസംഹൗസ് | 250 |
| സത്യൻ,മുണ്ടപ്പള്ളി | 200 |
| മശിഹാദാസ്,മിശിഹാഭവൻ | 100 |

| | |
|---|---|
| സജീവദാസ് | 50 |
| ബോയസ്,പ്രണവം | 40 |
| റ്റി.സൈറസ്,പാരഡൈസ് | 80 |
| സനൽസൈ, പാരഡൈസ് | 60 |
| ലില്ലി,രമ്യ | 150 |
| വിപിൻ,രമ്യ | 150 |
| പ്രൊഫ:എഡ്വിൻവില്യം,കൊച്ചുബഥേൽ | 500 |
| ദീപേഷ്എഡ്വിൻ,കൊച്ചുബഥേൽ | 200 |
| വിജയരാജ്,വിജയഭവൻ | 160 |
| റോബർട്ട്,ജ്ഞാനഭവൻ | 150 |
| രാജേന്ദ്രൻ,കോട്ടൈക്കോണം | 190 |
| രാജേഷ്,കോട്ടൈക്കോണം | 500 |
| സ്റ്റീഫൻസൻ,കോട്ടൈക്കോണം | 50 |
| സ്റ്റാൻലിജോൺ,കോട്ടൈക്കോണം | 150 |
| രാജിവത്സലം,ഏദൻ | 100 |
| ജി.ആർ.ഷാജി | 200 |
| അഡ്വ:എം.ജെ.റസ്സൽ,റാണിസദനം | 150 |
| ദയാമണിടീച്ചർ,ദയാനിവാസ് | 100 |
| എം.ആർ.ബൈജുകുമാർ | 100 |
| അജിത്‌രാജ്,ഗ്രീൻവില്ല | 100 |
| ലത,കോട്ടൈക്കോണം | 20 |
| | 4200 |

ഭാഗം.10

| | |
|---|---|
| ജപസിംഗ്,ഷാജിഭവൻ | 100 |
| റോബിൻസൻ,അഖിലാഗാർഡൻ | 100 |
| സത്യദാസ്.ടീച്ചർ,പൗർണമി | 250 |
| മോഹൻദാസ്,അനുപമ | 200 |
| ഗംഗാധരൻ,തകിടിപ്പുറം | 50 |
| അജിത്കുമാർ.എസ്.ആർ,അജിത്കോട്ടേജ് | 1200 |
| ഡെന്നിസൻ,എം.എസ്.കോട്ടേജ് | 150 |
| അംബിക,കർമ്മേൽ | 20 |
| ബെറ്റിൽബായ്,സുരാജഭവൻ | 30 |
| സുരാജൻ.പി,സുരാജഭവൻ | 180 |
| സുദർശനൻ,ചോലയിൽ | 105 |
| ശോഭനദാസ്,ചോലയിൽ | 80 |
| യേശുദാസൻ,ചോലയിൽ | 150 |
| സിസിലി,കാക്കകോണം | 40 |
| ശിംശോൻ,പ്രശാന്ത്കോട്ടേജ് | 160 |
| റസാലം,കാക്കമുകൾ | 200 |
| സെലീനതങ്കം,ബഥേൽഹൗസ് | 690 |
| എൻ.എസ്.രാജം.ടീച്ചർ,എസ്.ആർ.ഭവൻ | 300 |
| അജയകുമാർ,കാരുണ്യ | 1200 |
| ജെ.രത്നരാജ്.ടീച്ചർ,ഡയിൽസ്ഭവൻ | 50 |
| രത്നസുലോചന,സുനിതാഭവൻ | 40 |
| ക്രിസ്തുദാസ്സാരസം,ദീപാകോട്ടേജ് | 1800 |
| ഷൈൻരാജ്.സി.ഡി. | 1200 |
| എലിശ,പനവിള | 50 |
| രജനേഷ്,സുനിതാഭവൻ | 40 |
| ജയിൻരാജ്,നഹത്,പനവിള | 100 |
| വാൾട്ടൻ,,ചോലയിൽ | 70 |
| വിൽഫ്രഡ്‌രാജ്,ഒയാസിസ് | 250 |
| ജീവൻ.എസ്.ജോയ് | 150 |
| എസ്.എൽ.സതീഷ്കുമാർ,ലൗഡെയിൽ | 2000 |
| രാജൻ.സി,കളിയാകോട് | 80 |
| പ്രൊഫ.ജെസ്‌ലെറ്റ് | 150 |
| ഷാൻരാജ്.സി.ഡി. | 1200 |
| ഡിറ്റോമോൻ | 500 |
| | 12885 |

ഭാഗം.11

| | |
|---|---|
| സോമൻ,ബഥനി | 200 |
| തങ്കപ്പൻ,വിജയഭവൻ | 50 |
| വിജയൻ,വിജയഭവൻ | 100 |
| വിജയകുമാർ,ജാസ്മിൻനിവാസ് | 200 |
| ജോസ്.ടീച്ചർ,അഭയം | 100 |
| തുളസി,ഞാറവിള | 1800 |
| ഡോ.സെൽവദാസ്.എം.ജെ,നിത്യ | 500 |
| യേശുദാസ്,ചാരുപാറ | 40 |
| ശ്യാംകുമാർ,കുളത്തോട്ടുമല | 150 |
| സുഗുണൻ,കൃപാഭവൻ | 80 |
| ഗോഡ്‌വിൻ ജോർജ്ജ്,ബഥേൽഹൗസ് | 1200 |
| അനിൽകുമാർ,എ.കെ.നിവാസ് | 520 |
| അസറിയ,ഉടയാൻകുഴി | 110 |
| സുശീല,നിസ്സിഭവൻ | 100 |
| ഡോ.ജ്യോഫ്രിവില്യം, ധന്യ | 300 |
| ഷൈൻകുമാർ,ലീലാകോട്ടേജ് | 110 |
| സാം സുലോസലിൻദാസ്,അരോമ | 100 |
| ഷെറിൻ,ഉഷസ് | 60 |
| ക്രിസ്തുദാസ്,ഊറ്റുകുഴി | 150 |
| ജോൺസൻ,ചാരുപാറ | 240 |
| അജി,സാന്ത്വനം,ഞാറവിള | 200 |
| രതീഷ്കുമാർ,ഉടയാൻകുഴി | 600 |
| സിൽവി,ഉടയാൻകുഴി | 100 |
| രജീവദാസ്,ഐഡാഭവൻ | 100 |
| | 7110 |

123595



# കയ്യില്ലാത്ത സ്ത്രീയുടെ സുവിശേഷ പ്രവർത്തനം



റസിലം എഡ്വിൻ

ചെന്നൈയിലെ പ്രാന്തപ്രദേശത്തുള്ള ഒരു ഹിന്ദു സ്ത്രീയാണീ നമ്മുടെ കഥാപാത്രം. അസാധാരണ രോഗം വന്ന് അവരുടെ ഒരു കൈ ആദ്യം മുറിച്ചുമാറ്റി. രണ്ടാമത്തെ കയ്യും മുറിച്ചപ്പോൾ അവരാകെ തളർന്നു. സമൂഹത്തിൽ അറിയപ്പെടുന്ന നല്ലൊരു വനിതയായിരുന്നു അവർ. വലത്തെ കാലിനെയും അസാധാരണ രോഗം ബാധിച്ചു. നടന്ന് തിരിഞ്ഞ് സുവിശേഷം പറയുന്ന ഒരു മിഷനറി ആ ഊരിൽ ഉണ്ടായിരുന്നു. മിഷണറിയുടെ പ്രാർത്ഥനയാൽ ചിലർക്കൊക്കെ രോഗസൗഖ്യവും ലഭ്യമായിട്ടുണ്ടായിരുന്നു. അവരിൽ ചിലർ മിഷനറിയെ ഈ സ്ത്രീയുടെ അടുത്ത് കൊണ്ടുവന്നു. പ്രാർത്ഥനക്കാരെ ഇഷ്ടമില്ലാതിരുന്ന സ്ത്രീ; മറ്റുള്ളവരുടെ നിർദ്ദേശപ്രകാരവും വേദനയുടെ കാഠിന്യവും നിമിത്തം പ്രാർത്ഥനയ്ക്ക് സമ്മതിച്ചു. ആ ദിവസം മുതൽതന്നെ കാല്‌വേദനയും പഴുപ്പും കുറയാൻ തുടങ്ങി. അവർക്കത്ഭുതമായി. "വൈദ്യശാസ്ത്രത്തിന് ഒന്നും ചെയ്യാനില്ലാത്തിടത്ത് പ്രാർത്ഥനകൊണ്ട് സൗഖ്യമോ"? ഇവരുടെ യേശു ഇത്ര വലിയവനോ? മിഷണറിയോടും മറ്റുള്ളവരോടും ഈ ചോദ്യം ആവർത്തിച്ചു. യേശു വലിയവനാണ്, ലോകരക്ഷകനാണ്. കാൽവരിയിൽ ചൊരിഞ്ഞ ആ ജീവരക്തം സകലരോഗത്തിനും സൗഖ്യമാണെന്ന് മിഷണറി തറപ്പിച്ച് പറഞ്ഞു. നമ്മുടെ ആവശ്യം സമർപ്പണത്തോടെയുള്ള, കണ്ണുനീരോടെയുള്ള പ്രാർത്ഥനയാണെന്ന് വ്യക്തമാക്കി. സ്ത്രീ ഉള്ളുരുകി പ്രാർത്ഥിക്കാൻ തുടങ്ങി. "2 കയ്യും ഇല്ലാത്ത എന്നോട് മനസ്സലിയേണമേ, സൗഖ്യം തരേണമേ". ദൈവം അത്ഭുത സൗഖ്യം തന്നെ നൽകി. യേശുവിനെയും, മിഷണറി പ്രവർത്തനങ്ങളെയും കുറിച്ച് വിശദമായും വ്യക്തമായും മിഷണറി വിവരിച്ചു.

ആ സ്ത്രീ കരഞ്ഞുകൊണ്ട് മിഷണറിയോട് ചോദിച്ചു: "സഹോദരാ 6 മാസം മുൻപ് എന്നോടിത് പറഞ്ഞിരുന്നുവെങ്കിൽ എന്റെ രണ്ടുകയ്യും നഷ്ടമാകുമായിരുന്നില്ലല്ലോ. ഞാൻ യേശുവിനെ അറിയുമായിരുന്നല്ലോ". മിഷനറിയുടെ സഹായത്തോടെ ഈ വനിത യേശുവിന്റെ അത്ഭുതം പറയാൻ തുടങ്ങി. അങ്ങനെയിരിക്കേ; മിഷണറി സുവിശേഷപ്രവർത്തനങ്ങളെക്കുറിച്ചും ഉത്തരേന്ത്യയിലെ മനുഷ്യരുടെ അവസ്ഥകളെക്കുറിച്ചും സുവിശേഷം എത്തിയ സ്ഥലങ്ങളിൽ ഉണ്ടായ മാറ്റത്തെക്കുറിച്ചും പറയാനിടയായി.

"ഞാനും സുവിശേഷത്തിന്റെ പങ്കാളിയാകും. "സ്ത്രീ ഉറച്ച തീരുമാനമെടുത്തു. അവരെ സഹായിക്കാൻ എല്ലാവർക്കും താല്പര്യമായിരുന്നു. പണം ശേഖരിക്കുന്ന ഒരു ബോക്സ് കഴുത്തിൽ തൂക്കിയിട്ടു. ഒരുവശത്ത് "സുവിശേഷം" എന്നെഴുതി പതിപ്പിച്ചു. ചെറിയൊരു ബെല്ലും ഘടിപ്പിച്ചു. ബോക്സും തൂക്കി രാവിലെ മുതൽ വൈകുന്നേരം വരെ കറങ്ങി നടക്കും. എല്ലാവരും സന്തോഷത്തോടെ സ്വീകരിച്ചു. കിട്ടുന്ന കാശ് എണ്ണിത്തിട്ടപ്പെടുത്താനും, പോസ്റ്റോഫീസിലൂടെ ഉത്തരേന്ത്യയിലെ മിഷനറി പ്രവർത്തനത്തിനെത്തിക്കാനും, പ്രാർത്ഥനാമനുഷ്യനായ മിഷണറി ഇവരെ സഹായിച്ചു.

ആ സമയത്താണ് ഉത്തരേന്ത്യയിലെ ഒരു ബാലഭവന് സഹായം വേണമെന്ന അഭ്യർത്ഥന വന്നത്. മാതാപിതാക്കൾ കൊല്ലപ്പെട്ട ബാലകരാണെന്നറിഞ്ഞപ്പോൾ; ഈ സ്ത്രീയും ആ പ്രദേശവും ഒത്തൊരുമയോടെ കൈകോർത്തു. ആ പ്രദേശത്തിലെ കുട്ടികൾ അദ്ധ്വാനിച്ച് പൈസ ശേഖരിച്ച് ഈ വനിതയെ സഹായിക്കാൻ മുന്നോട്ടുവന്നു. മുടങ്ങാതെ പ്രാർത്ഥനയും ധനശേഖരണവും നടന്നു.

ഒരു ദിവസം അനാഥാലയത്തിലെ ഡയറക്ടർ ഈ പ്രദേശം സന്ദർശിക്കാൻ താല്പര്യം കാണിച്ചു. ചുരുങ്ങിയ നാളുകൾകൊണ്ടുതന്നെ അനാഥാലയവും, ഈ സ്ത്രീയും അവരുൾപ്പെടുന്ന പ്രദേശവും തമ്മിലൊരു ആത്മബന്ധം ഉടലെടുത്തിരുന്നു. ഡയറക്ടർ വരുമെന്നറിഞ്ഞ് ആ നാട്ടുകാരും മിഷനറിയും ഈ വനിതയും എല്ലാം ഉത്സുകരായി. ഭയഭക്തിയോടെ, ആദരവോടെ സ്വീകരിക്കാൻ തീരുമാനിച്ചു. ഡയറക്ടർ എത്തിയപ്പോൾ എല്ലാവരും ആദരവോടെ കൈകൂപ്പി ഓടിച്ചെന്ന് സ്വീകരിച്ചു. ഈ വനിത മാത്രം സന്തോഷത്തോടെ നിന്നു. "ഒന്ന് കൈകൂപ്പാൻ പോലും സാധിക്കുന്നില്ലേ" എന്ന് ഓർത്ത് ഡയറക്ടർ അടുത്ത്ചെന്ന് കൈനീട്ടി. കൈകൂപ്പാനോ കൈനീട്ടാനോ അവർക്കാകില്ലല്ലോ! അന്നേരം ആണ് രണ്ടു കൈകളും ഇല്ലാത്ത അവസ്ഥ അദ്ദേഹം മനസ്സിലാക്കിയത്. "ഇവരാണോ, ഇത്രയും തുക എല്ലാമാസവും ഞങ്ങൾക്ക് അയക്കുന്നത്. ഞങ്ങളുടെ കുട്ടികളുടെ സംരക്ഷക ഇവരാണോ"? ചോദ്യങ്ങൾകൊണ്ട് വീർപ്പു മുട്ടിയ മനസ്സുമായി ഡയറക്ടർ നിന്നു. അവരുടെ കഥ നമ്മുടെ മിഷണറി വിവരിച്ചു. ആ പ്രദേശത്തിന്റെ വിളക്കായി മാറിയ വിധം വിശദീകരിച്ചു. എല്ലാവരും ആദരവോടെ അവരുടെ അടുത്ത് നിൽക്കുന്നത് ഡയറക്ടർ കണ്ടു. അനാഥ കുട്ടികളുടെ വിശേഷങ്ങൾ പങ്കുവച്ചു. യേശുവിനെ ലഭിച്ചപ്പോൾ ഉള്ള ജീവിത വ്യത്യാസം ആ വനിതയും വിശദമാക്കി. ഇപ്പോൾ അവർ അനുഭവിക്കുന്ന ആനന്ദം പറയാൻ മറന്നില്ല.

രണ്ട് കയ്യില്ലാതിരുന്നിട്ടും, സമർപ്പണത്തോടെയുള്ള അവരുടെ ശുശ്രൂഷയോർത്ത് എല്ലാവരും ദൈവത്തെ സ്തുതിച്ചു.

പ്രിയരേ, നമുക്ക് ദൈവം രണ്ടു കയ്യും രണ്ടു കാലും എല്ലാ സൗഭാഗ്യങ്ങളും തന്നിരിക്കുന്നു. ദൈവരാജ്യവർദ്ധനയ്ക്കായി; നമ്മുടെ സമസൃഷ്ടങ്ങൾക്ക് വേണ്ടി നമ്മാലാവോളം കൈകോർക്കാം. ദൈവം കരുത്ത് നൽകട്ടെ!! വരും തലമുറയ്ക്കത് അനുഗ്രഹമാകട്ടെ!!

# വാർത്തകൾ, അറിയിപ്പുകൾ

## പൂക്കൾ ഉപയോഗിച്ച് വിശുദ്ധാരാധന യിൽ അൾത്താര അലങ്കരിക്കുന്നവർ

08.05.2016 - ശ്രീ. ബി.ബ്രൈറ്റ്സിംഗ് & ഫാമിലി, ലിസ്ബത്ത്

15.05.2016 - ശ്രീ. ജെയിംസ്ജോൺ & ഫാമിലി, നിഷാന്ത്

22.05.2016 - ഡോ.എൽ.എസ്.ബിനു & ഫാമിലി, പ്രശാന്ത്

29.05.2016 - ശ്രീ.റ്റി.എസ്.സജി & ഫാമിലി, തോമസ്ഭവൻ

## സാധുസംരക്ഷണ നിധി–സാന്ത്വന ശു ശ്രൂഷ പ്രവർത്തനങ്ങൾ

പുവർഫണ്ടിൽ നിന്നും 2016 മാർച്ച് മാസം 33 പേർക്ക് 250 രൂപ ക്രമത്തിൽ പെൻഷൻ നൽകുകയുണ്ടായി. കൂടാതെ വിവിധ വിദ്യാർത്ഥി കൾക്ക് വിദ്യാഭ്യാസ സഹായമായി 8,250 രൂപയും, ചികിത്സാ സഹായമായി ഒരാൾക്ക് 2,000 രൂപയും, രണ്ടുപേർക്ക് 1,000 രൂപ വീതവും നൽകി. വിവാഹധനസഹായമായി 10,000 രൂപ നൽകു കയുണ്ടായി.

പാലിയേറ്റീവ് കെയറിന്റെ ഭാഗമായി 2016 മാർച്ച മാസം 64 പേർക്ക് 750 രൂപ ചെലവ് വരുന്ന ഭക്ഷണകിറ്റ് നൽകി. ചികിത്സാ സഹായമായി ഒരാൾക്ക് 2,000 രൂപ, 8 പേർക്ക് 1000 രൂപ, 18 പേർക്ക് 500 രൂപ, 8 പേർക്ക് 250 രൂപ എന്നീ ക്രമത്തിൽ നൽകി. ഭവനനിർമ്മാണ ധനസഹായ മായി 6,800 രൂപയും നൽകി. ഈ പ്രവർത്തന ങ്ങളിൽ എല്ലാ സഭാജനങ്ങളുടെയും സഹകരണം ഇനിയും പ്രതീക്ഷിക്കുന്നു.

## തിരുസഭായോഗം

ഈ വർഷത്തെ ആദ്യ തിരുസഭായോഗം 2016 ഏപ്രിൽ 17-ാം തീയതി ഞായർ ആരാധനയ്ക്ക് ശേഷം നടത്തുകയുണ്ടായി. മാർച്ച് മാസം വരെ യുള്ള സഭാകമ്മിറ്റി മിനിറ്റുകൾ അംഗീകരിച്ചു.

## വി. ബി. എസ്.

ഈ വർഷത്തെ വി.ബി.എസ് ഏപ്രിൽ 1 മുതൽ 10 വരെ സഭയിൽ വച്ച് നടന്നു. ഏപ്രിൽ 10 വി.ബി. എസ് ഞായറായി ആചരിച്ചു. ഈ വർഷത്തെ ഡയ റക്ടർ ശ്രീ. വിനോദ് സി.എസ്.ഐ. കടുക്കാമൂല ആയിരുന്നു.

## കരിയർഗൈഡൻസ്

ദക്ഷിണ കേരള മഹായിടവകയുടെയും, നമ്മുടെ സഭയിലെ കരിയർ ഗൈഡൻസിന്റെയും നേതൃത്വ ത്തിൽ കാട്ടാക്കട ഏര്യാ സി.എസ്.ഐ. ഇടവക കളിൽപ്പെട്ട ഏഴാംക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളെ ഉദ്ദേശിച്ച് സ്കോളർഷിപ് പരീക്ഷാ പരിശീലനം 2016 മെയ് 6, 7 തീയതികളിൽ നമ്മുടെ സഭയിൽ വച്ച് നട ത്തുകയുണ്ടായി. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന നിരവധി സ്കോളർഷിപ്പു പരീക്ഷകളെപ്പറ്റിയുള്ള ക്ലാസ്സുകൾക്ക് ശ്രീ. നോബിൾ മില്ലറും പ്രഗത്ഭരായ മറ്റ് അദ്ധ്യാപകരും നേതൃത്വം നൽകി.

## സഭാദിനം

നമ്മുടെ ഇടവകയുടെ 160-ാം സഭാദിനം ഏപ്രിൽ 24 വിശുദ്ധ ആരാധനയോടൊപ്പം നടത്തു കയുണ്ടായി. കണ്ണമ്മൂല ഐക്യവൈദീക സെമി നാരി അദ്ധ്യാപകൻ റവ: എ. ആർ. സുശീൽ വിശിഷ്ടാതിഥിയായി എത്തിച്ചേരുകയും മുഖ്യസ ന്ദേശം നൽകുകയും ചെയ്തു. ആരാധന യോടൊപ്പം സ്നാന ശുശ്രൂഷയും ക്രമീകരി ച്ചിരുന്നു. എല്ലാ സഭാജനങ്ങളും ആരാധനയ്ക്കു ശേഷം നടന്ന സ്നേഹസദ്യയിൽ പങ്കെടുത്തു. നമ്മുടെ സഭാ പുരോഹിതനായ റവ. ആർ. എസ്. സുരേഷ്കുമാർ അച്ചന് ദക്ഷിണ കേരള മഹായിട വകയുടെ തീരുമാനപ്രകാരം 2015 മെയ് 1 മുതൽ കല്ലിയൂർ സി.എസ്.ഐ. ഇടവകയിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുകയുണ്ടായി.

1-5-2016 മുതൽ കാട്ടാക്കട ഡിസ്ട്രിക്ട് ചെയർമാനായും നമ്മുടെ ഇടവകയുടെ മുഖ്യപു രോഹിതനായും റവ. സി.ആർ. വിൻസെന്റ് അച്ചൻ ചുമതലയേറ്റു. തുടർന്നുള്ള അഞ്ച് വർഷക്കാ ലത്തെ അച്ചന്റെ ശുശ്രൂഷ സഭയ്ക്ക് പ്രയോജന കരമായി തീരുവാൻ ദൈവം സഹായിക്കട്ടെ.

## ഐക്യകൺവൻഷൻ

58-ാമത് കാട്ടാക്കട ഐക്യകൺവൻഷൻ 2016 ഏപ്രിൽ 24 മുതൽ 27 വരെ കാട്ടാക്കട ക്രിസ്ത്യൻകോളേജ് ഗ്രൗണ്ടിൽ വച്ച് അനുഗ്രഹ

പ്രദമായ രീതിയിൽ നടത്തുകയുണ്ടായി. കൺവൻഷൻ യോഗങ്ങളുടെ ഉദ്ഘാടനം റൈറ്റ്. റവ. ഡോ: വിൻസന്റ് സാമുവൽ തിരുമേനി നിർവ്വഹിച്ചു. ഈ കൺവൻഷൻ യോഗങ്ങളിൽ ബ്രദർ സുരേഷ്ബാബു ദൈവവചനം സംസാരിച്ചു. ഐക്യകൺവൻഷൻ സെക്രട്ടറിയായി നമ്മുടെ ഇടവകാംഗം ശ്രീ.എ. ആർ. അനീഷാണ് പ്രവർത്തിച്ചത്.

## സി. ഇ. വൈ. എഫ്. ക്രിക്കറ്റ് ടൂർണ്ണമെന്റ്

മെയ് 5,6,7 തീയതികളിൽ കാട്ടാക്കട ഇടവക യുവജനസംഘടനയുടെ നേതൃത്വത്തിൽ നാൽപ്പത് സഭകളെ ഉൾപ്പെടുത്തി ക്രിക്കറ്റ് ടൂർണ്ണമെന്റ് നടത്തുകയുണ്ടായി. ശ്രീ.വിപിൻരാജ് ഇതിന്റെ കൺവീനറായി പ്രവർത്തിച്ചു.

## 2016 – 19 ത്രൈവാർഷിക ഡീഖൻ തെരഞ്ഞെടുപ്പ്

നമ്മുടെ ഇടവകയുടെ ത്രൈവാർഷിക ഡീഖൻ തെരഞ്ഞെടുപ്പ് മെയ് 1-ാം തീയതി നടന്നു. തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളും ലഭിച്ച വോട്ടുകളും.

**പൊതുവിഭാഗം**

1. വി.കെ. ആൻസലം, ശാരോൺ (302)
2. ബ്രൈറ്റ് സിംഗ് ടീച്ചർ, ലിസ്ബത്ത് (341)
3. എം.എഫ്. ഡിക്സൻരാജ് ടീച്ചർ, ആരാമം (318)
4. ജോയൽസുധാകർ, ശ്രുതിലയം (310)
5. എ. ജോസ്കുമാർ, ദർശന (330)
6. മോഹൻദാസ്, കാക്കമുകൾ (289)
7. ഇ. വിജയരാജ്, ഗ്രേസ്ഡെയിൽ (295)

**യുവജന വിഭാഗം**

1. ബിനു ജി.ആർ., കുന്നുവിളവീട് (345)
2. ഷൈൻ വി.ജി., ഷീനാഭവൻ (273)

**വനിതാ വിഭാഗം**

1. അജന്തകുമാരി, കമലാഭവൻ (265)
2. ലാജി ടീച്ചർ, തോമസ് ഭവൻ (308)

അന്നേദിവസം കൂടിയ ഇടവക കമ്മിറ്റിയിൽ വെച്ച് സെക്രട്ടറിയായി ശ്രീ. ബി. ബ്രൈറ്റ് സിംഗ് ടീച്ചറിനെയും അക്കൗണ്ടന്റായി ശ്രീ. ജി. ആർ. ബിനുവിനെയും തെരഞ്ഞെടുക്കുകയുണ്ടായി. വിവിധ സ്ഥാനങ്ങളിലേക്ക് ഇടവക കമ്മിറ്റി നോമിനേറ്റ് ചെയ്ത പ്രതിനിധികളുടെ വിവരം ചുവടെ ചേർക്കുന്നു.

**ഡിസ്ട്രിക്ട് കൗൺസിൽ അംഗങ്ങൾ**

സർവ്വശ്രീ.

1. ബി. ബ്രൈറ്റ്സിംഗ് ടീച്ചർ (ഇടവക സെക്രട്ടറി)
2. വിജയൻ, ധന്യാഭവൻ
3. രാജു ഇ, ലിറ്റിൽ ഭവൻ
4. ക്രിസ്റ്റൽ ജോയി, ജെ.സി. ഭവൻ

**മഹായിടവക കൗൺസിൽ അംഗങ്ങൾ**

1. ജെ. ക്രിസ്റ്റഫർ, റോസ്ഗാർഡൻ
2. റ്റി.എൽ. സത്യരാജ്, ലീലാഭവൻ
3. അനീഷ് എ.ആർ, ചിന്താഭവൻ
4. റസിലം എഡ്വിൻ ടീച്ചർ, കൊച്ചുബഥേൽ

**ഏര്യാ കൗൺസിൽ അംഗം**

ജെ. ജസ്റ്റിൻ ജാവർട്ട് , ഏഞ്ചൽ

**എസ്. ഐ. യു. സി. കൺവീനർ**

സി.രിജിക്കുഞ്ഞ് , കീർത്തന ഭവൻ

**ഇടവക പ്രാദേശിക കോടതി**

1. അഡ്വ: എം. ജെ. റസൽ, റാണി സദനം
2. ഡി. സ്റ്റാൻലോജോൺ ടീച്ചർ, കുഴലാർ
3. നെൽസൻ, ജി. കെ. ഭവൻ
4. വിൽഫ്രഡ് രാജ്, ഒയാസിസ്
5. മേഴ്സി റോബർട്ട് , റോം, ഉള്ളൂർ

**അനുരഞ്ജന കമ്മിറ്റി**


1. വി. കെ. എഡ്വേർഡ്, സീയോൻ
2. എം. ആർ. ബൈജു, ജ്ഞാനഭവൻ
3. സജി റ്റി. എസ്, തോമസ് ഭവൻ

**ആഡിറ്റ് കമ്മിറ്റി**

1. എസ്. തോംസൻ ടീച്ചർ, ലീലാഭവൻ
2. സുരേഷ്കുമാർ ടീച്ചർ, നിലാവ്
3. പ്രശാന്ത് ജി. വില്യം ടീച്ചർ - ദീപം



ബി. ബ്രൈറ്റ്സിംഗ്
ഇടവക സെക്രട്ടറി



# വാർഷിക റിപ്പോർട്ട്

160–ാം വാർഷിക സമ്മേളനത്തിന്റെ അധ്യക്ഷനായിരിക്കുന്ന സ്നേഹവും ബഹുമാനവുമുള്ള റവ:ആർ.എസ്.സുരേഷ്കുമാർ അച്ചൻ, റവ:അഡ്വ:സജി എൻ.സ്റ്റുവർട്ട് അച്ചൻ, മുഖ്യാതിഥി റവ:എ.ആർ.സുശീൽ അച്ചൻ, സ്നേഹസമ്പന്നരായ മാതാപിതാക്കളെ, സഹോദരങ്ങളെ, കുഞ്ഞുങ്ങളെ.

നമ്മുടെ സഭയെ 160 വർഷം പരിപാലിച്ച സർവ്വശക്തനായ ദൈവത്തെ സ്തുതിച്ചു കൊണ്ടും കഴിഞ്ഞ തലമുറയിൽ സഭയിൽ വിവിധ ചുമതലകൾ വഹിച്ച് സഭയ്ക്കുവേണ്ടി പ്രാർത്ഥിച്ച് അധ്വാനിച്ച് കടന്നുപോയവരെ ഓർമിച്ചുകൊണ്ടും ഈ പ്രദേശത്ത് സുവിശേഷത്തിന്റെ കൈത്തിരിയുമായി കടന്നുവന്ന റവ. ജോൺകോക്സ് മിഷണറിയെ നന്ദിയോടെ സ്മരിച്ചുകൊണ്ടും ഈ റിപ്പോർട്ട് സവിനയം അവതരിപ്പിക്കട്ടെ.

റിപ്പോർട്ട് വർഷത്തിൽ സഭാധ്യക്ഷനായി റവ. ആർ.എസ്. സുരേഷ്കുമാർ അച്ചനും, അസോസിയേറ്റായി റവ. അഡ്വ: സജി എൻ. സ്റ്റുവർട്ട് അച്ചനും, സെക്രട്ടറിയായി ബി. ബ്രൈറ്റ്സിംഗും, അക്കൗണ്ടന്റായി ജി.ആർ. ബിനുവും, കമ്മിറ്റിയംഗങ്ങളായി സർവ്വശ്രീ എൻ. ഗ്ലാഡ്സ്റ്റൻ, ഡി. ജനറ്റ്, റസലമ്മാൾ, ഇ. ഷിബി, ഡി.മോഹനദാസ്, ജീവൻ എസ്. ജോയ്, പി.മിഖായേൽ, റ്റി. സൈറസ്, ആർ. വിമൽരാജ് എന്നിവരും പ്രവർത്തിച്ചുവരുന്നു. റിപ്പോർട്ട് വർഷത്തിൽ 14 സഭാകമ്മിറ്റികളും, 1 അടിയന്തിരകമ്മിറ്റിയും മൂന്ന് തിരുസഭാ യോഗവും കൂടുകയുണ്ടായി. സഭയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദമായി ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്ത് പ്രവർത്തിച്ചുവരുന്നു.

സർവ്വശ്രീ ജെ. ക്രിസ്റ്റഫർ, ജെ. ജസ്റ്റിൻ ജാവർട്ട്, സ്കിന്നർ വാട്സ്, മേഴ്സി റോബർട്ട് എന്നിവർ മഹായിടവക കൗൺസിൽ അംഗങ്ങളായും, സർവ്വശ്രീ എം.എഫ്. റെജിനാൾഡ് ഡിക്സൻരാജ്, സി. ജിജികുഞ്ഞ്, സുനിതകുമാരി എന്നിവർ ഡിസ്ട്രിക്ട് കൗൺസിൽ അംഗങ്ങളായും പ്രവർത്തിച്ചുവരുന്നു. ഇതിൽ ശ്രീ. എം.എഫ്. ഡിക്സൻ രാജ് ടീച്ചർ ഡിസ്ട്രിക്ട് കൗൺസിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചുവരുന്നു. സർവ്വശ്രീ എസ്. തോംസൺ ടീച്ചർ, വി.കെ. ആൻസലം, പ്രശാന്ത് ജി. വില്യം ടീച്ചർ എന്നിവർ ഇന്റേണൽ ആഡിറ്റ് കമ്മിറ്റി അംഗങ്ങളായി പ്രവർത്തിക്കുന്നു.

## മഹായിടവകയിലെ വിവിധ ബോർഡുകളിൽ നമ്മുടെ സഭാംഗങ്ങൾ വഹിക്കുന്ന സ്ഥാനങ്ങളും ചുമതലകളും

**ജെ. ക്രിസ്റ്റഫർ**
മഹായിടവക എക്സിക്യൂട്ടീവ് അംഗം, മഹായിടവക ആഡിറ്റർ, വിവിധ കോളേജുകളുടെ ഗവേണിംഗ് ബോർഡ് അംഗം, സി.എസ്.ഐ. ഓഫ്സെറ്റ് പ്രസ്, മൈലം ഐ.റ്റി.ഐ, കൊടിയന്നൂർക്കോണം ഐ.റ്റി.ഐ, വിൽസ്ഹോസ്റ്റൽ ഫോർ മെൻ & വിമൻ എന്നിവയുടെ മാനേജിംഗ് കമ്മിറ്റിയംഗം.

**മേഴ്സി റോബർട്ട്**
സിനഡ് അംഗം, കാരക്കോണം മെഡിക്കൽ കോളേജ് സ്പെഷ്യൽ ഓഫീസർ, സെക്രട്ടറി ഫോർ ഡയക്കോണൽ മിനിസ്ട്രി.

**ജെ. ജസ്റ്റിൻ ജാവർട്ട്**
പാസ്റ്റർ ബോർഡ് അംഗം, കാട്ടാക്കട ഏര്യ യൂത്ത് റപ്രസന്റേറ്റീവ്.

**സ്കിന്നർ വാട്സ്**
മെൻസ് ഫെല്ലോഷിപ്പ് ഏര്യാകോ-ഓർഡിനേറ്റർ, ബോർഡ് ഫോർ മ്യൂസിക് കൺവീനർ

**സി.വി. പ്രമോദ്**
ബോർഡ് ഫോർ കമ്മ്യൂണിക്കേഷൻ കൺവീനർ.

**റ്റി.എൽ. സത്യരാജ്**
മെമ്പർ, ബോർഡ് ഫോർ ലിറ്ററേച്ചർ.

**ജെ. റോസിൻ ജാവർട്ട്**
മെമ്പർ, ബോർഡ് ഫോർ ലെയ്റ്റി.

**സുനി എസ്.**
മെമ്പർ, ബോർഡ് ഫോർ ജയിൽ മിനിസ്ട്രി.

**ബിനു ജി.ആർ.**
മെമ്പർ, ബോർഡ് ഫോർ സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഇൻഫർമേഷൻ.

**ഷിബി ഇ.**
മെമ്പർ, ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ്.

**റസലമ്മാൾ റ്റീച്ചർ**
മെമ്പർ, ബോർഡ് ഫോർ മിഷൻ.

**ഷൈനി ജി.ആർ.**
മെമ്പർ, ബോർഡ് ഫോർ ഫുഡ്ക്രാഫ്റ്റ്.

## സഭയിലെ വിവിധ ആരാധനകൾ

എല്ലാ ഞായറാഴ്ചയും വിശുദ്ധ ആരാധനകൾക്കുശേഷം സണ്ടേസ്കൂൾ, ബാലജന സഖ്യം, യുവജനസംഘടന എന്നിവ ക്രമമായി നടന്നുവരുന്നു. എല്ലാ മാസവും നാലാമത്തെ ഞായറാഴ്ച രാവിലെ 7 മണിമുതൽ ഇംഗ്ലീഷ് ആരാധന, എല്ലാ ചൊവ്വാഴ്ചയും സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പിന്റെ നേതൃത്വത്തിൽ സഭയിൽ വരാൻ കഴിയാത്ത കിടരോഗികളുടെ വീടുകളിൽ വൈകുന്നേരം 6 മണിമുതൽ 7 മണിവരെ വിശുദ്ധ തിരുവത്താഴ ശുശ്രൂഷയോടൊപ്പം പ്രാർത്ഥന നടത്തിവരുന്നു. എല്ലാ വ്യാഴാഴ്ചകളിലും രാത്രി 7 മണിമുതൽ സന്ധ്യാരാധന, എല്ലാ വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 7.30 വരെ സഭയുടെ ആവശ്യങ്ങളെക്കുറിച്ചും രോഗികളെ ഓർമ്മിച്ചുമുള്ള പ്രാർത്ഥന, ഞായറാഴ്ച വൈകുന്നേരങ്ങളിൽ യുവജനസംഘടനയുടെ നേതൃത്വത്തിൽ ഭവനാരാധന, ഏകദിന കൺവെൻഷനുകൾ, എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം 4 മണിമുതൽ സ്ത്രീജനസഖ്യാരാധന, എല്ലാ മൂന്നാമത്തെ ശനിയാഴ്ചകളിലും 9.30 മുതൽ 1 മണിവരെ ഉപവാസാരാധന, എല്ലാ മാസവും

നാലാമത്തെ ശനിയാഴ്ച രാവിലെ 10 മണിമുതൽ 1 മണിവരെ സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പ് എന്നിവ നടത്തിവരുന്നു. റിപ്പോർട്ട് വർഷത്തിൽ ഒരു വാർഡ് കൺവെൻഷൻ നടന്നു. വാർഡ് കൺവെൻഷന് നേതൃത്വം നൽകുന്നത് ഡി. മോഹനദാസ് ഡീഖനും കയർ അംഗങ്ങളുമാണ്. അവരോടുള്ള നന്ദി സഭയുടെ പേരിൽ അറിയിക്കട്ടെ.

## ജീവകാരുണ്യ പ്രവർത്തനങ്ങൾ

സാധുക്കളെ സഹായിക്കുന്നതിനായി സഭയിലെ ചില കുടുംബങ്ങളും വ്യക്തികളും പ്രിയപ്പെട്ടവരുടെ ഓർമ്മ നിലനിർത്തുന്നതിനായി വിവിധ മെമ്മോറിയൽ ഫണ്ടുകളും എൻഡോവ്മെന്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥിരനിക്ഷേപത്തിൽ നിന്നും കിട്ടുന്ന വാർഷിക പലിശ അവരവരുടെ ആഗ്രഹപ്രകാരം വിവിധ ആവശ്യങ്ങൾക്കായി ചെലവിട്ടുവരുന്നു. അവയുടെ വിശദീകരണങ്ങൾ ചുവടെ ചേർക്കുന്നു.

### മിഷണറി പ്രവർത്തന ഫണ്ട്

1. ഒ.വി. ഷെർളിഷീബ മെമ്മോറിയൽ ഫണ്ട് - 25,000/-
   (പിതാവ് ശ്രീ. വർഗ്ഗീസ്, സുരേഷ് കോട്ടേജ്)
2. ചെല്ലയ്യൻ ടീച്ചർ മെമ്മോറിയൽ ഫണ്ട് - 20,000/-
   (ഭാര്യ ശ്രീമതി പ്രസീന ടീച്ചർ)
3. ബോൺവില്യം & ജ്ഞാനദീപം മെമ്മോറിയൽ ഫണ്ട് - 85,000/-
   (മകൻ പ്രൊഫ. എഡ്വിൻ വില്യം കുടുംബം, കൊച്ചുബഥേൽ)
4. ജെ. ദാനം & ബായ് മെമ്മോറിയൽ ഫണ്ട് - 10,000/-
   (മകൾ ശ്രീമതി ഡി.ജെ. ലീലാവതിബായിയും കുടുംബവും)
5. മേരിക്കുട്ടിസൈറസ് മെമ്മോറിയൽ ഫണ്ട് - 25,000/-
   (ഭർത്താവ് ശ്രീ. റ്റി. സൈറസ്, പാരഡൈസ്)
6. അഗ്നീസ് & തിമഥിയോസ് ഡീഖൻ മെമ്മോറിയൽ ഫണ്ട് - 15,000/-
   (മകൻ ശ്രീ. വർഗീസ്, സുരേഷ് കോട്ടേജ്)
7. യാക്കോബ് ഡീഖൻ മെമ്മോറിയൽ ഫണ്ട് - 10,000/-
   (കൊച്ചുമകൻ ശ്രീ. മിഖായേൽ, ജീനാകോട്ടേജ്
8. ജോർജ്ജ് അലക്സാണ്ടർ മെമ്മോറിയൽ ഫണ്ട് - 20,000/-
   (ഭാര്യ ശ്രീമതി സുശീലയും മക്കളും)
9. സെൽവാനോസ് എഞ്ചിനീയർ മെമ്മോറിയൽ ഫണ്ട് - 1,00,000/-
   (ഭാര്യ ശ്രീമതി രാജം ടീച്ചർ & ഫാമിലി)
10. യേശുദാസ്, ജോയിസ് & രാജയ്യൻ മെമ്മോറിയൽ ഫണ്ട് - 10,000/-
    (ശ്രീ. ഗമാലിയേൽ, ഇമ്മാനുവേൽ & ഫാമിലി)
11. ശ്രീ. സുകുമാരൻ & ഫാമിലി എൻഡോവ്മെന്റ് - 10,000/-
    (ശ്രീ. സുകുമാരൻ & ഫാമിലി)
12. തോമസ് നാടാർ & എസ്ഥർ തോമസ് മെമ്മോറിയൽ ഫണ്ട് - 50,000/-
    (ശ്രീമതി റസലമ്മ ടീച്ചർ, കൊച്ചുബഥേൽ)
13. പ്രൊഫ. എൻ. രാമചന്ദ്രൻ മെമ്മോറിയൽ ഫണ്ട് - 50,000/-
    (ഭാര്യ ശ്രീമതി കമലാചന്ദ്രൻ, സീജാനിവാസ്)
14. ആർ.എം. ലാൽപ്രമോദ്, ലാൽഭവൻ മെമ്മോറിയൽ ഫണ്ട് - 10,000/-
    (കുടുംബാംഗങ്ങൾ)

    മിഷണറി പ്രവർത്തനങ്ങൾക്കായി നിക്ഷേപിച്ചിട്ടുള്ള ആകെ തുക - 4,40000/-

### ചികിത്സാസഹായ ഫണ്ട്

1. പൂവർഫണ്ട് സി.എസ്.ഐ. കാട്ടാക്കട - 1,00,000/-
2. തിമഥിയോസ് ഡീഖർ & ബിയാട്രിസ് മെമ്മോറിയൽ ഫണ്ട് - 3,000/-

(മകൾ ശ്രീമതി ആൻലറ്റ് മേഴ്സിയും കുടുംബവും)

3. റോസിലി ജോൺസൻ മെമ്മോറിയൽ ഫണ്ട് - 50,000/-
(മകൻ റവ. ലോറൻസ് അച്ചനും കുടുംബവും)
4. സുമംഗലാബായ് ടീച്ചർ എൻഡോവ്മെന്റ് - 1,00,000/-
(ഭർത്താവ് ശ്രീ. ഡി. ഗോപാൽരാജ്, സുജ നിവാസ്)
5. ദേവദാസൻ മേസ്തിരി & കമലാബായ് മെമ്മോറിയൽ ഫണ്ട് - 5,000/-
(മക്കളായ ഡി. വിജയദാസ് & ഡി. സെൽവദാസ്)
6. അസറിയ ഡീഖൻ & എസിലി മെമ്മോറിയൽ ഫണ്ട് - 10,000/-
(മക്കളായ ശ്രീമതി പ്രസീന ടീച്ചറും, പരേതനായ ദേവദാനവും)
7. മൈക്കേൽ മെമ്മോറിയൽ ഫണ്ട് - 10,000/-
(ഭാര്യ A.Z. മേരിടീച്ചർ)
8. ഡി. ശോഭനദാസ് മെമ്മോറിയൽ ഫണ്ട് - 25,000/-
(ഭാര്യ ശ്രീമതി രമണിയും മക്കളും, ദാസ്ബുക്ക്സ് കാട്ടാക്കട)
9. റവ. എം.ആർ. സത്യദാസ് പ്രസാദ് & ഫാമിലി എൻഡോവ്മെന്റ് - 10,000/-
(പാഴ്സനേജ് സി.എസ്.ഐ. കാട്ടാക്കട)
10. ശിങ്കരാജൻ വൈദ്യർ & നേശമ്മ മെമ്മോറിയൽ ഫണ്ട് - 5,000/-
(ഇളയ മകൻ ശ്രീ. രവിയും കുടുംബവും)
11. എൻ. ക്ലാരൻസൻ വിക്ടർ മെമ്മോറിയൽ ഫണ്ട് - 5,000/-
(ഭാര്യ ശ്രീമതി രത്നാബായ്, ലീലാകോട്ടേജ്, ചൂണ്ടുപലക)
12. കൊച്ചുകുഞ്ഞ് & റോസമ്മ മെമ്മോറിയൽ ഫണ്ട് - 25,000/-
(കൊച്ചുമകൻ ശ്രീ. ഗിരീഷ്കുമാർ കുടുംബം, ജി.കെ. ഭവൻ)
13. രാഖി മെമ്മോറിയൽ ഫണ്ട് - 30,000/-
(പിതാവ് ശ്രീ. രവിയും കുടുംബവും)
14. ജയിംസ് & റോസമ്മ മെമ്മോറിയൽ ഫണ്ട് - 1,00,000/-
(മകൻ ജെ. ക്രിസ്റ്റഫറും സഹോദരങ്ങളും)
15. ശ്രീ. ദീപേഷ് എഡ്വിൻ & ഡോ: വിൻസി എൻഡോവ്മെന്റ് - 1,00,000/-
16. സുശാന്തിരാജ് മെമ്മോറിയൽഫണ്ട് - 25,000/-
(ഭാര്യ സത്യരാജിയും കുടുംബവും)
17. ധന്യ പി.വി. എൻഡോവ്മെന്റ് - 50,000/-
18. റോബർട്ട്രാജ് മെമ്മോറിയൽ ഫണ്ട് - 1,00,000/-
(റീജാഭവനിൽ ബേബിടീച്ചറും കുടുംബവും)
19. റോസിലി കാര്യോട്ടുകോണം മെമ്മോറിയൽ - 4,000/-
20. പ്രൊഫ. എൻ.ആർ. ചന്ദ്രൻ മെമ്മോറിയൽ ഫണ്ട് - 1,00,000/-
(ഭാര്യ ശ്രീമതി കമലാചന്ദ്രൻ സീജാനിവാസും കുടുംബവും)
21. പി. വിജയൻ മെമ്മോറിയൽ ഫണ്ട് - 1,00,000/-
(ഭാര്യ ശ്രീമതി ലില്ലി, രമ്യ, ചൂണ്ടുപലക)
22. വിൽസൻ പ്രദീപം മെമ്മോറിയൽ ഫണ്ട് - 10,000/-
(ഭാര്യ ശ്രീമതി സുധാകുമാരി, മഹിമ)
23. സോമദേവൻ മെമ്മോറിയൽ ഫണ്ട് - 10,000/-
(ഭാര്യ ശ്രീമതി രത്നസുലോചന, സുനിതാഭവൻ)
24. കെ.എം. ലിനോൾഡ് മെമ്മോറിയൽ ഫണ്ട് - 10,000/-
(കുടുംബാംഗങ്ങൾ)
25. കുട്ടൻ, ലാൽഭവൻ മെമ്മോറിയൽ ഫണ്ട് - 10,000/-
(കുടുംബാംഗങ്ങൾ)

26. വില്യംപ്രദീപം & തങ്കമ്മ പ്രദീപം മെമ്മോറിയൽ ഫണ്ട് - 10,000/-
(മകൾ ശ്രീമതി കനകമ്മ പ്രദീപം, കാരുണ്യ)
27. രജനീഷ് എസ്.ആർ., സുനിതാഭവൻ എൻഡോവ്മെന്റ് - 10,000/-
ചികിത്സാ സഹായത്തിനായി നിക്ഷേപിച്ചിട്ടുള്ള ആകെ തുക - 10,17,000/-

## സാധുവിദ്യാർത്ഥികളുടെ പഠനസഹായ ഫണ്ട്

1. ഡോ: ബോയൽ വില്യം മെമ്മോറിയൽ ഫണ്ട് - 31,000/-
(ഭാര്യ ശ്രീമതി കരുണാദേവിടീച്ചറും കുടുംബവും)
2. സ്റ്റുഡന്റ്സ് വെൽഫയർ ഫണ്ട് സി.എസ്.ഐ. കാട്ടാക്കട - 74,500/-
3. മനാസ്ടീച്ചർ മെമ്മോറിയൽ ഫണ്ട് - 12,000/-
(മകൻ ശ്രീ. എം.ജെ. സെൽവനേശൻ കുടുംബം)
4. ശ്രീമതി ദീപാജസ്റ്റിൻ എൻഡോവ്മെന്റ് - 10,000/-
5. ശ്രീ. ദീപേഷ് എഡ്വിൻ എൻഡോവ്മെന്റ് - 1,00,000/-
6. ജോഷ്വാ- ഇതിയേൽ മെമ്മോറിയൽ ഫണ്ട് - 10,000/-
(മകൾ ശ്രീമതി ഡയ്സിയും കുടുംബവും)
7. ഓമന സെൽവി & സുരേഷ് വിൽഫ്രഡ് മെമ്മോറിയൽ ഫണ്ട് - 15,000/-
(ശ്രീ. വർഗീസ് സുരേഷ് കോട്ടേജ്)
8. ശ്രീ. റിബിൻജോൺസ് എൻഡോവ്മെന്റ് - 30,000/-
9. ഡോ: ആശ കെ. എൻഡോവ്മെന്റ് - 10,000/-
10. ശ്രീ. ബൈജു എൽ.എസ്. & ഫാമിലി എൻഡോവ്മെന്റ് - 25,000/-
11. ഡോ: വിൻസി എൻഡോവ്മെന്റ് - 25,000/-
12. കെ.സി. കമലമ്മ Tr., ജോയ്ഭവൻ മെമ്മോറിയൽ ഫണ്ട് - 30,000/-
(മക്കളായ പ്രൊഫ. സ്റ്റാൻലോജോൺസും സഹോദരങ്ങളും)
13. സലജ മെമ്മോറിയൽ ഫണ്ട് - 10,000/-
(വില്ലിടുംപാറ സജി കോട്ടേജിൽ ശ്രീ. ഡേവിഡും രാജപുഷ്പവും)
14. നെൽസൻ Tr. & സെലീനബായ് Tr. മെമ്മോറിയൽഫണ്ട് - 25,000/-
(പുതുവയ്ക്കൽ നിർമ്മലാകോട്ടേജിൽ ആനിജാസ്മിൻ)
15. പ്രൊഫ. എൻ.ആർ. ചന്ദ്രൻ മെമ്മോറിയൽ ഫണ്ട് - 50,000/-
(ഭാര്യ ശ്രീമതി, കമലാചന്ദ്രൻ, സീജാനിവാസ്)
16. അഭയ ആർ. സംഗീത, സീയോൻ എൻഡോവ്മെന്റ് - 25,000/-
സാധുവിദ്യാർത്ഥികളുടെ പഠനസഹായത്തിനുള്ള ആകെ നിക്ഷേപ തുക
- 4,82,500/-

## സാധുപെൺകുട്ടികളുടെ വിവാഹ ധനസഹായഫണ്ട്

1. വൈ. കുഞ്ഞൻടീച്ചർ & വിക്ടോറിയ മെമ്മോറിയൽ ഫണ്ട് - 20,000/-
(മക്കളായ ശ്രീ. സ്റ്റാൻലിജോണും സഹോദരങ്ങളും)
2. ഡോ: ബോയൽവില്യം മെമ്മോറിയൽ ഫണ്ട് - 50,000/-
(ഭാര്യ ശ്രീമതി കരുണാദേവി ടീച്ചറും കുടുംബവും)
3. എൽ. ജോൺസൻ മാനേജർ മെമ്മോറിയൽ ഫണ്ട് - 50,000/-
(ഭാര്യ ശ്രീമതി കമലമ്മ Tr., ജോയ് ഭവൻ)
4. ദാവീദ് ഡീഖർ & ദബോറ മെമ്മോറിയൽ ഫണ്ട് - 25,000/-
(ശ്രീ. ജാവർട്ട് ജീവത്സനും സഹോദരങ്ങളും)
5. ഈനോസ് & ജസ്സി മെമ്മോറിയൽ ഫണ്ട് - 10,000/-
(മകൻ ഇബനീസർ, കാന്തള ബംഗ്ലാവ്)
6. മേഴ്സിബായി, എം.എഫ്. കോട്ടേജ് മെമ്മോറിയൽ ഫണ്ട് - 10,000/-

(മകൻ ശ്രീ. മോഹൻദാസ് കുടുംബം, കാക്കമുകൾ)
7. തിമഥിയോസ് ഡീഖർ & ബിയാട്രിസ് മെമ്മോറിയൽ ഫണ്ട് - 20,000/-
(മകൻ ശ്രീ. റ്റി. സൈറസ്, പാരഡൈസ്, ചൂണ്ടുപലക)
8. സി.ഇ.വൈ.എഫ്. സാധുവിവാഹ ധനസഹായ ഫണ്ട് - 25,000/-
9. ജയിൻ Tr., മെമ്മോറിയൽ ഫണ്ട് - 2,00,000/-
(മക്കളായ ശ്രീ. എം.ജെ. സെൽവനേശൻ & ഡോ: എം.ജെ. സെൽവദാസ് കുടുംബം)
10. ജോയൽ സുധാകർ & സുനു ജോയൽ എൻഡോവ്മെന്റ് - 10,000/-
11. സദാശിവൻ കുറ്റയത്ത് എൻഡോവ്മെന്റ് ഫണ്ട് - 10,000/-
വിവാഹ സഹായത്തിനുള്ള ആകെ നിക്ഷേപം - 4,30,000/-

സ്ഥിരനിക്ഷേപമായി മഹായിടവക ട്രഷറിയിൽ 23,69,500/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. റിപ്പോർട്ട് വർഷം കിട്ടിയ പലിശ 1,39,488/-രൂപ. പ്രസ്തുത പലിശ പിൻവലിച്ച് അതാത് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചുവരുന്നു. എൻഡോവ്മെന്റുകളുടെയും മെമ്മോറിയൽ ഫണ്ടുകളുടെയും വിശദമായ ലിസ്റ്റ് സഭയുടെ പിൻമുറിയിൽ രേഖപ്പെടുത്തി പ്രദർശിപ്പിച്ചിട്ടുണ്ട്.

## പൂവർഫണ്ട്

സഭയിലെ പൂവർഫണ്ട് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പൊതുയോഗം തെരഞ്ഞെടുത്ത സർവ്വശ്രീ ഡി. സ്റ്റാൻലോജോൺ (അക്കൗണ്ടന്റ്), പി. സോമൻ, മോഹൻദാസ് അനുപമ, ഡാർവിൻരാജ്, ജോയൽ സുധാകർ എന്നിവരും എല്ലാ സഭാകമ്മിറ്റി അംഗങ്ങളും സംഘടനാ സെക്രട്ടറിമാരും മഹായിടവക കൗൺസിൽ അംഗങ്ങളും ചേർന്നതാണ് പൂവർ ഫണ്ട് കമ്മിറ്റി. സഭാസെക്രട്ടറി ഇതിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. ലഭിക്കുന്ന അപേക്ഷകൾ ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുത്ത് അർഹരായ എല്ലാവർക്കും പരമാവധി സഹായം നൽകിവരുന്നു. റിപ്പോർട്ട് വർഷത്തിൽ സാധുക്കളുടെ ചികിത്സയ്ക്കായി 70,780/- രൂപയും, സാധുവിദ്യാർത്ഥികളുടെ പഠനസഹായത്തിനായി 1,01,600/- രൂപയും, സാധുക്കളുടെ വീട് മെയിന്റനൻസിനായി 1,18,000/- രൂപയും, സാധു പെൺകുട്ടികളുടെ വിവാഹ സഹായത്തിനായി 80,000/- രൂപയും, സാധുക്കളും അനാഥരുമായ വൃദ്ധമാതാപിതാക്കളുടെ മാസപെൻഷനായി 92,300/- രൂപയും സാധുക്കളുടെ മരണാനന്തര ചെലവിനായി 2,800/- രൂപയും, ക്രിസ്തുമസിനോടനുബന്ധിച്ച് ഭക്ഷണം, വസ്ത്രം എന്നിവയ്ക്കായി 64,716/- രൂപയും ഉൾപ്പെടെ 5,30,196/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## പോഷകസംഘടനകളുടെ പ്രവർത്തനങ്ങൾ

സഭയുടെ നിലനില്പിനാവശ്യമായ പോഷക സംഘടനകൾ സഭാകമ്മിറ്റിയുമായി സഹകരിച്ച് ഭംഗിയായി പ്രവർത്തിച്ചുവരുന്നു. സണ്ടേസ്കൂൾ സെക്രട്ടറിയായി ശ്രീ. സ്കിന്നർ വാർട്ട്സും, സി.ഇ.വൈ.എഫ്. സെക്രട്ടറിയായി ശ്രീ. ബിനോയ് ജോഫ്രിയും സ്ത്രീജനസഖ്യം സെക്രട്ടറിയായി ലിറ്റിൽസ ജാസ്മിനും, ബാലജനസഖ്യം കൺവീനറായി ശ്രീ. വിനോജ് ഡി. സാരസവും, സെക്രട്ടറിയായി സ്നേഹദാസും, അക്കൗണ്ടന്റായി ജിൻസോദാസും, സീനിയർ സിറ്റിസൺ ഫെലോഷിപ്പ് സെക്രട്ടറിയായി ശ്രീ. ഡി. ക്രിസ്തുദാസ് സാരസം ദീപാകോട്ടേജും സേവനം അനുഷ്ഠിച്ചുവരുന്നു. ആരാധനയിലെ മുഖ്യ ഘടകമായ ചർച്ച് ക്വയർ വളരെ അച്ചടക്കമായും മാതൃകാപരമായും നടന്നുവരുന്നു. ക്വയറിന് ആധുനിക രീതിയിലുള്ള മൈക്ക് സിസ്റ്റവും, ക്വയർ അംഗങ്ങൾക്ക് യൂണിഫോമും ഈ വർഷത്തെ നേട്ടമാണ്. സർവ്വശ്രീ ഷിബു ജസ്റ്റസ് ടീച്ചർ, സ്കിന്നർ വാട്ട്സ്, മാത്യു റോയി എന്നിവർ ഇപ്പോൾ ഓർഗണിസ്റ്റുമാരായി പ്രവർത്തിച്ചുവരുന്നു. മൈക്ക് & മിക്സർ ഓപ്പറേറ്ററായി ശ്രീ. ഗ്ലാഡ്സ്റ്റൻ മഹിമ താൽക്കാലികമായി പ്രവർത്തിച്ചുവരു

ന്നു. ഭവനാരാധനകളിൽ ജിജോ ജെ. സുധാകർ, റോജേഷ് എന്നീ കുഞ്ഞുങ്ങൾ ഓർഗൺ വായിച്ചു സഹായിക്കുന്നു. ക്വയർ കൺവീനറായി ശ്രീമതി റസലമ്മാൾ ടീച്ചർ പ്രവർത്തിച്ചുവരുന്നു.

റിപ്പോർട്ട് വർഷത്തിൽ പ്രശസ്ത വിജയം നേടിയ വിദ്യാർത്ഥികളെയും ഔദ്യോഗിക മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ചവരെയും അനുമോദിക്കുകയുണ്ടായി. മഹായിടവക - ഡിസ്ട്രിക്ട് തലങ്ങളിൽ നടന്ന വിവിധ മത്സരങ്ങളിൽ നമ്മുടെ കുഞ്ഞുങ്ങൾ അഭിമാനകരമായ വിജയം കരസ്ഥമാക്കുകയുണ്ടായി. സംയുക്ത ക്രിസ്തുമസ് റാലിക്കും, അഖിലലോക സണ്ടേസ്കൂൾ ദിനറാലിക്കും ട്രോഫികൾ കരസ്ഥമാക്കിയത് നമുക്ക് അഭിമാനകരമാണ്. എല്ലാ സംഘടനാ ഭാരവാഹികൾക്കും സഭയുടെ ആത്മാർത്ഥമായ നന്ദിയും അഭിനന്ദനങ്ങളും പ്രകാശിപ്പിക്കട്ടെ.

## സ്ഥിതിവിവരകണക്ക്

| | |
|---|---|
| സഭയിലെ ആകെ കുടുംബങ്ങൾ | - 665 |
| തിരുസഭാംഗങ്ങൾ | - 1004 |
| റിപ്പോർട്ട് വർഷം തിരുസഭയിൽ ചേർന്നവർ | - 10 |
| റിപ്പോർട്ട് വർഷം ടി.സി. മുഖേന സഭയിൽ ചേർന്നവർ | - 4 |
| റിപ്പോർട്ട് വർഷം നിത്യതയിൽ ചേർക്കപ്പെട്ടവർ | - 13 |

## ചർച്ച് ന്യൂസ്

എല്ലാമാസവും കൃത്യമായി പ്രസിദ്ധീകരിച്ചുവരുന്ന ചർച്ച് ന്യൂസിൽ സഭയിലെ വിവിധ ആരാധനകൾ, ജനങ്ങളെ അറിയിക്കുവാനുള്ള വാർത്തകൾ, സംഘടനാ വാർത്തകൾ, സഭയുടെ ആവശ്യങ്ങൾ, അനുമോദനങ്ങൾ, സഭാജനങ്ങളുടെ കലാസൃഷ്ടികൾ, വിദ്യാർത്ഥികളുടെ അറിവ് വർദ്ധിപ്പിക്കുന്നതിനുള്ള പൊതുവിവരങ്ങൾ, യുവാക്കൾക്കുള്ള തൊഴിലവസരങ്ങൾ തുടങ്ങി നിരവധി വാർത്തകൾ ഉള്ളടക്കം ചെയ്യുന്നുണ്ട്. റവ. ആർ.എസ്. സുരേഷ്കുമാർ, റവ. അഡ്വ: സജി എൻ. സ്റ്റുവർട്ട്, ബി. ബ്രൈറ്റ്സിംഗ് Tr., ഡി. മോഹനദാസ് Tr., ശ്രീമതി എ.സ്. സോഫിയ ഗിലെയാദ്, സി. ജിജിക്കുഞ്ഞ്, ജെ. റോസിൻ ജാവർട്ട് എന്നിവരടങ്ങുന്ന കമ്മിറ്റിയിൽ കൺവീനറായി ശ്രീ. ബിനു ജി.ആർ. എഡിറ്ററായി ശ്രീ. സത്യരാജ് റ്റി.എൽ., എഡിറ്റോറിയൽ അഡ്വൈസറായി ശ്രീ. ജെ. രത്നരാജ് Tr. എന്നിവർ നേതൃത്വം നൽകിവരുന്നു. ഇവർക്ക് സഭയുടെ പേരിലുള്ള അഭിനന്ദനങ്ങളും നന്ദിയും അറിയിക്കട്ടെ. സഭാജനങ്ങളുടെ സഹകരണം കൊണ്ട് മാത്രമാണ് ചർച്ച് ന്യൂസ് ഇത്രയും മനോഹരമായും കൃത്യസമയത്തും പ്രിന്റ് ചെയ്ത് പുറത്തിറക്കാൻ സാധിക്കുന്നത്.

## കരിയർഗൈഡൻസ് പ്രോഗ്രാം

പി.എസ്.സി., മറ്റ് മത്സരപരീക്ഷകൾ എന്നിവയ്ക്ക് തയ്യാറെടുക്കുന്ന യുവതീ-യുവാക്കൾക്ക് പരിശീലനം നൽകുന്നതിനായി ഒരു കരിയർ ഗൈഡൻസ് ക്ലാസ് നമ്മുടെ ഇടവകയിൽ ആരംഭിച്ചത് 2003-ൽ ആണ്. ഏതാനും വർഷങ്ങൾക്കുശേഷം ഇതിന്റെ പ്രവർത്തനം മന്ദീഭവിച്ചു. എന്നാൽ ഇപ്പോഴത്തെ നമ്മുടെ ഇടവക വികാരിമാരായ റവ. ആർ.എസ്. സുരേഷ്കുമാർ, റവ. സജി എൻ. സ്റ്റുവർട്ട് എന്നിവരുടെ അശ്രാന്ത പരിശ്രമഫലമായി കരിയർ ഗൈഡൻസ് ക്ലാസ്സുകൾ 2015 ജൂൺ 10 മുതൽ ആരംഭിക്കുകയുണ്ടായി. കരിയർ ഗൈഡൻസിന്റെ കൺവീനറായി ശ്രീ.ഫ്രാങ്ക്ളിൻ തച്ചൻകോട് പ്രവർത്തിച്ചുവരുന്നു.വ്യാഴം, ഞായർ എന്നിവ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും വൈകിട്ട് 6.30 മുതൽ 8.30 വരെ സഭയ്ക്കുള്ളിൽ വെച്ച് ക്ലാസുകൾ നടന്നുവരുന്നു. വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധരായ പന്ത്രണ്ടോളം അധ്യാപകരാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. വിദ്യാർത്ഥികൾക്ക് പൂർണ്ണപ്രയോജനം ലഭിക്കത്തക്ക

വിധത്തിൽ, 53,000/- രൂപ ചെലവിൽ ഒരു മൾട്ടിമീഡിയ പ്രോജക്ടർ വാങ്ങുകയുണ്ടായി. ഇതിലേക്കായി 10,000/- രൂപ സംഭാവന നൽകിയ കാട്ടാക്കടയിലെ പ്രമുഖ വ്യാപാര സ്ഥാപനമായ രാജകുമാരി വെഡ്ഡിംഗ് സെന്ററിനും ഈ ഉദ്യമത്തിന്റെ വിജയത്തിനായി പരിശ്രമിച്ച റവ. അഡ്വ.സജി എൻ. സ്റ്റുവർട്ട് അച്ചനും പ്രത്യേക നന്ദി അറിയിക്കുന്നു.

## അൾത്താര അലങ്കാരം

സഭയ്ക്ക് പ്രത്യേക സാമ്പത്തിക ബാധ്യതയില്ലാത്ത വിധത്തിൽ എല്ലാ വിശുദ്ധ ആരാധനയിലും അൾത്താര പൂക്കൾ ഉപയോഗിച്ച് അലങ്കരിക്കുന്നതിന് സഹകരിച്ചു വരുന്നത് സഭയിലെ വിവിധ കുടുംബങ്ങളാണ്. ഇതിന്റെ ക്രമീകരണങ്ങൾ ചെയ്ത് പുഷ്പങ്ങൾ മനോഹരമായി സെറ്റുചെയ്ത് അലങ്കരിക്കുന്നത് ശ്രീ.ഡിക്സൻരാജ് റ്റീച്ചറും കുടുംബവും, സഭയുടെ അക്കൗണ്ടന്റായ ശ്രീ. ജി.ആർ.ബിനുവും ആണ്. ഇവരോടുള്ള സഭയുടെ നന്ദി അറിയിക്കുന്നു.

## റ്റി.ജെ.എം. ഹാൾ

സഭാജനങ്ങളുടെ പരിപൂർണ്ണമായ സഹായത്തോടെ സ്ഥാപിക്കപ്പെട്ട റ്റി.ജെ.എം. ഹാളിൽ നിന്നുള്ള വരുമാനം സഭയുടെ സാമ്പത്തിക വളർച്ചയ്ക്ക് ഏറെ സഹായകര മാകുന്നുണ്ട്. വിവാഹങ്ങളുൾപ്പെടെയുള്ള പ്രോഗ്രാമുകൾ വളരെ ഭംഗിയായും സൗകര്യപ്രദമായും നടത്തുന്നതിന് ഇപ്പോൾ നമുക്ക് കഴിയുന്നുണ്ട്.

## വെബ്സൈറ്റ്

2013 ലെ സഭാദിനത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട, നമ്മുടെ ഇടവകയുടെ വെബ്സൈറ്റ് www.csikattakada.in ഇതിനകം 7 ലക്ഷത്തോളം പേർ സന്ദർശിച്ചുകഴിഞ്ഞു. ഇതിൽ 4 ലക്ഷം സന്ദർശകർ കഴിഞ്ഞ ഒരു വർഷത്തിൽ ഉണ്ടായതാണ്. സമീപകാലത്തായി പ്രതിദിനം 1000 ലധികം പേർ ഈ സൈറ്റ് സന്ദർശിച്ചുവരുന്നു. കഴിഞ്ഞവർഷം ധാരാളം മലയാളം പേജുകൾ ഉൾപ്പെടുത്തുകയു ണ്ടായി. കൂടാതെ സി.എസ്.ഐ. സഭയിലെ തൊഴിലന്വേഷകരായ യുവതിയുവാക്കൾക്ക് പ്രയോജനപ്പെടുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലെ വിവിധ തൊഴിലവസരങ്ങളെകുറിച്ചുള്ള അറിയിപ്പുകളും പ്രസിദ്ധീകരിക്കുന്നു. ഇതിന്റെ ഒരു വർഷത്തെ സെർവർ വാടകയായ 1555/- രൂപ ശ്രീ. വിൽഫ്രഡ്രാജ് ഒയാസിസ് സംഭാവനയായി നൽകി. സർവ്വശ്രീ ഗിരീഷ്കുമാർ, വിൽഫ്രഡ്രാജ്, ദീപേഷ് എഡ്വിൻ, ബിനു ജി.ആർ. എന്നിവരുടെ ശ്രമഫലമായി സൈറ്റ് കൃത്യമായി അപ്ഡേറ്റ് ചെയ്തുവരുന്നു.

## സാന്ത്വനശുശ്രൂഷ

ചർച്ച് പൂവർ ഫണ്ടിന്റെ കീഴിൽ പാലിയേറ്റീവ് കെയറിന്റെ ഒരു യൂണിറ്റ് വളരെ കാര്യക്ഷമമായും ചിട്ടയോടും നടന്നുവരുന്നു. പാലിയേറ്റീവ് കെയർ തുടങ്ങിയിട്ട് 6 വർഷം കഴിഞ്ഞിരിക്കുന്നു. ഇക്കാലയളവിൽ നൂറുകണക്കിന് അവശരായ രോഗികൾക്കും ക്യാൻസർ ബാധിതർക്കും അനാഥരായവർക്കും താങ്ങും തണലുമായി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.. മാരകരോഗം ബാധിച്ച് അവശരായ കുടുംബങ്ങൾക്ക് ഭക്ഷണകിറ്റുകൾ നൽകിവരുന്നു. ഇപ്പോൾ എഴുപതിലധികം കുടുംബങ്ങൾക്ക് 800/- രൂപ വിലവരുന്ന ഭക്ഷണ കിറ്റുകൾ നൽകിവരുന്നുണ്ട്. ഒരു കിറ്റിൽ 4 അംഗങ്ങളുള്ള ഒരു കുടുംബത്തിന് ഒരു മാസത്തെ ഭക്ഷണസാധനങ്ങളും അത്യാവശ്യ വസ്തുക്കളും ഉൾപ്പെടുന്നു. രോഗികളെ മാത്രമല്ല അവരുടെ വീട്ടിലെ വിദ്യാഭ്യാസം ചെയ്തുവരുന്ന കുഞ്ഞുങ്ങളെയും വൃദ്ധമാതാപിതാക്കളെയും സംരക്ഷിക്കുന്നതിനുള്ള ചുമതലയും നാം ഏറ്റെടുത്ത് നടത്തിവരുന്നു. പാലിയേറ്റീവ് ക്ലിനിക്ക് എല്ലാ ശനിയാഴ്ചയും പ്രവർത്തിച്ചുവരുന്നു. അത്യാവശ്യമുള്ള മരുന്നുകൾ ഇതിലൂടെ നൽകുന്നു. കൂടാതെ കിടരോഗികളെ

സന്ദർശിക്കുകയും അവർക്കുവേണ്ട അത്യാവശ്യ ചികിത്സാ സൗകര്യങ്ങൾ ഏർപ്പാടുചെയ്യുകയും ചെയ്യുന്നുണ്ട്. രോഗം തളർത്തിയ കുടുംബങ്ങളിലുള്ള പെൺകുട്ടികളുടെ വിവാഹത്തിനുവേണ്ട സഹായങ്ങൾ ചെയ്തുവരുന്നു. ഇക്കഴിഞ്ഞ ഒരുവർഷത്തിനിടയിൽ പത്തോളം പെൺകുട്ടികളുടെ വിവാഹത്തിനും സഹായം നൽകിയിട്ടുണ്ട്. കിടപ്പാടം ഇല്ലാത്തവർക്ക് മറ്റുള്ളവരുടെ സഹായത്തോടെ വീടു പണിയുന്നതിനും അത്യാവശ്യ മെയിന്റനൻസ് ചെയ്യുന്നതിനും സഹായിക്കുന്നുണ്ട്. വിശദമായ കണക്കുകളും റിപ്പോർട്ടും പൂവർഫണ്ട് വാർഷികദിനത്തിൽ അവതരിപ്പിച്ചുവരുന്നു. ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 8 ലക്ഷത്തോളം രൂപയുടെ സഹായം ജാതിമത വ്യത്യാസമെന്യേ എല്ലാവർക്കും ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. ഈ പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം നൽകുന്നത് നമ്മുടെ ബഹുമാന്യ അച്ചൻമാരും സെക്രട്ടറി ശ്രീ. ഇ.വിജയരാജ്, ഗ്രേസ്ഡയൽ, അക്കൗണ്ടന്റ് ശ്രീ. തോംസൻ ടീച്ചർ ലീലാ ഭവൻ എന്നിവരുമാണ്. എല്ലാറ്റിലുമുപരി സാമ്പത്തികമായി സഹായിച്ചുകൊണ്ടിരിക്കുന്ന സഭാജനങ്ങളെയും ഈ പ്രവർത്തനങ്ങളിൽ അക്ഷീണം പ്രവർത്തിക്കുന്ന സർവ്വശ്രീ സി.ഡി.ഷൈൻരാജ്, സി.ഡി.ഷാൻരാജ് ദീപാകോട്ടേജ്, പി. സോമൻ ബഥനി, എ.ആർ.അനീഷ് ചിന്താഭവൻ, എസ്.സുനി ഞാറവിള, സോഫിൻ ഡാനിയേൽ ചരിവിള, ജെ. റോസിൻജാവർട്ട് തൃപ്തി, സെബാസ്റ്റ്യൻ സുജഭവൻ എന്നിവർക്കും ഇടവകയുടെ നന്ദി അറിയിക്കുന്നു.

## സുവിശേഷസമിതി

എല്ലാമാസവും ഒന്നാം ഞായറാഴ്ചയ്ക്ക് മുമ്പുള്ള വ്യാഴാഴ്ച 6 മണിക്കാണ് സുവിശേഷസമിതി കമ്മിറ്റി കൂടുന്നത്. മിഷനറിമാർക്കു വേണ്ടിയും, മിഷനറിപ്രവർത്തനങ്ങൾക്ക് സംഭാവന തരുന്ന ഓരോരുത്തർക്കു വേണ്ടിയും പ്രാർത്ഥിച്ചുവരുന്നു. സുവിശേഷ സമിതിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഇടവക പുരോഹിതർ നൽകി വരുന്ന നേതൃത്വത്തിന് നന്ദിപറയുന്നു. ഈ റിപ്പോർട്ട് വർഷത്തിന്റെ തുടക്കത്തിൽ 15 മിഷണറിമാരെ സ്പോൺസർ ചെയ്തിരുന്ന നമ്മുടെ സഭയ്ക്ക് 31-5-2015 ന് 5 മിഷണറിമാരെ കൂടെ പ്രതിഷ്ഠിക്കാൻ സാധിച്ചു. അങ്ങനെ 20 മിഷണറിമാരെയാണ് നമ്മുടെ സഭ ഇപ്പോൾ സ്പോൺസർ ചെയ്തുവരുന്നത്.

31-5-2015 ന് വന്ദ്യ ധർമ്മരാജ് റസാലം തിരുമേനി മുഖ്യകാർമ്മികത്വം നൽകി പ്രതിഷ്ഠിച്ച മിഷനറിമാർ:

1. ശ്രീ. വിജോയ് ബർന്നബാസ്
2. ശ്രീ. അബു ഐസക് ഷാലോം
3. ശ്രീമതി അഞ്ചുദീപു
4. ശ്രീ. ഇരുദയരാജ്
5. ശ്രീമതി എസ്ഥർ ഇരുദയരാജ് എന്നിവരാണ്. കൂടാതെ റവ. ഷിബു ദേവദാസിനെ വെള്ളച്ചരട് നൽകി തിരുമേനി ആദരിച്ചു. തുടർന്ന് നമ്മുടെ സഭയിൽ മാത്രം പട്ടക്കാരനായിരുന്ന മോശവൽസലൻ ശാസ്ത്രിയാരുടെ ചിത്രം അനാച്ഛാദനം ചെയ്തു. സുവിശേഷ സമിതി കൺവീനറായി ശ്രീമതി റസലമ്മാൾ ടീച്ചറും അക്കൗണ്ടന്റായി ശ്രീ. തോംസൻ സാറും പ്രവർത്തിച്ചുവരുന്നു. മിഷണറി പ്രവർത്തനത്തിനായി മഹായിടവക നടത്തിയ ക്രിസ്തുമസ് ധനശേഖരണത്തിൽ നമ്മുടെ സഭയ്ക്കും പങ്കാളിയാകാൻ സാധിച്ചു. 46750/- രൂപ ഈ ഇനത്തിൽ മഹായിടവകയിൽ അടയ്ക്കാൻ സാധിച്ചതിൽ സന്തോഷിക്കുന്നു. ജനുവരി 2016 ലെ അഞ്ചാം ഞായറാഴ്ച കാരക്കോണം മെഡിക്കൽ കോളേജിലെ മിഷണറി നഴ്സിംഗ് വിദ്യാർത്ഥികളായ 9 പേർ സഭ സന്ദർശിച്ച്

സാക്ഷ്യം പറഞ്ഞ് പ്രത്യേക ഗാനങ്ങൾ ആലപിച്ചു. അവരുടെ സാക്ഷ്യവും സാമീപ്യവും അനുഗ്രഹമായിരുന്നു. ഈ വർഷവും മിഷണറി സ്പോൺസേഴ്സ് മീറ്റ് നടത്താൻ സർവ്വശക്തനായ ദൈവം കൃപ നൽകി. 27-2-2016 ന് സീനിയർ സിറ്റിസൺ ആരാധനയോടു ചേർന്ന് സ്പോൺസേഴ്സ് മീറ്റ് നടന്നു. 150-ലധികം പേർ ഇതിൽ പങ്കെടുത്തു. റവ.ഡോ:ജെ.ഡബ്ല്യൂ.പ്രകാശ് അച്ചൻ മുഖ്യാതിഥിയായിരുന്നു. നരിക്കുറവരുടെയും ഹിജഡകളുടെയും ഇടയിലുള്ള പ്രവർത്തനം സി.ഡി. പ്രദർശനത്തിലൂടെ വിവരിച്ചത് അംഗങ്ങളെ ആവേശഭരിതരാക്കി. 27-3-2016 മുതൽ 2-4-2016 വരെ ഡൽഹി കേന്ദ്രീകരിച്ച് മിഷണറി സന്ദർശനം നടന്നു. റവ. സുരേഷ്കുമാർ അച്ചന്റെ നേതൃത്വത്തിൽ 11 പേർ ഇതിൽ പങ്കെടുത്തു.

## ഉപസംഹാരം

നമ്മുടെ സഭയുടെ ആത്മീക - ഭൗതീക വളർച്ചയ്ക്കും സഭാജനങ്ങളുടെ ഐക്യത്തിനും ആത്മാർത്ഥമായ നേതൃത്വം നൽകിയത് ബഹുമാന്യരായ റവ. ആർ.എസ്. സുരേഷ്കുമാർ അച്ചനും, റവ. അഡ്വ: സജി എൻ. സ്റ്റുവർട്ട് അച്ചനുമാണ്. രണ്ട് അച്ചൻമാരുടെയും പ്രവർത്തനങ്ങൾക്ക് സഭയുടെ പേരിലുള്ള നന്ദി അർപ്പിക്കുന്നു. ഇടവകയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് സഹകരിച്ചുകൊണ്ടിരിക്കുന്ന സഭാകമ്മിറ്റിയിലെ എന്റെ സഹപ്രവർത്തകർക്കും, ശുശ്രൂഷകളിൽ സഹായിക്കുന്ന സ്നേഹമുള്ള കപ്യാർ ശ്രീ.ജെ.വിൽസ്രാജിനും സർവ്വോപരി 160 വർഷക്കാലം നമ്മെ നടത്തിയ സർവ്വശക്തനായ ദൈവത്തിനും നന്ദി അർപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

## ആദരാഞ്ജലികൾ



ആന്റണി
കാന്തള
മരണം: 17.04.2016



അപ്പു
പുളിമൂട്ടുകോണം
മരണം: 19.04.2016



മേരി
കുഴലാർ
മരണം: 16.05.2016

## ഇടവക കമ്മറ്റിയംഗങ്ങളുടെ വാർഡുകളും വിവിധ ചുമതലകളും

| | | |
|---|---|---|
| 1. ബി.ബ്രൈറ്റ്സിംഗ് ടീച്ചർ | കുഴലാർ, തോട്ടമ്പറ | ഇടവക സെക്രട്ടറി, വികസന കമ്മിറ്റി കൺവീനർ, |
| പുവർഫണ്ട് സെക്രട്ടറി | | |
| 2. ജോയൽ സുധാകർ | ചൂണ്ടുപലക, തെക്കേവീട് ലൈൻ, കുഴലാർ | ക്വയർ കൺവീനർ, യംങ് ഫാമിലി ഫെല്ലോഷിപ്പ് കൺവീനർ |
| 3. മോഹൻദാസ് | പാലേലി, അരുവിമുഖം, നാവെട്ടിക്കോണം | വാർഡ് കൺവെൻഷൻ കൺവീനർ |
| 4. അജന്തകുമാരി | ചാമവിള, കോട്ടാക്കുഴി, പുന്നാംകരിക്കകം | സ്ത്രീജന സഖ്യം പ്രതിനിധി |
| 5. വി.കെ. ആൻസലം | പൂഞ്ഞാംകോട്, നാടുകാണി, കരിയംകോട് | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് കൺവീനർ |
| 6. എ. ജോസ്കുമാർ | കട്ടയ്ക്കോട്, കാന്തള, വില്ലിടുംപാറ | സുവിശേഷസമിതി കൺവീനർ അൾത്താര അലങ്കാരം, സണ്ടേസ്കൂൾ പ്രതിനിധി |
| 7. ഇ.വിജയരാജ് | കിള്ളി, അയണിവിള, തിരുവനന്തപുരം, ഉറിയാക്കോട്, ഒറ്റശേഖരമംഗലം | പാലിയേറ്റീവ് കെയർ കൺവീനർ |
| 8. ബിനു ജി. ആർ. | മൂങ്ങോട്, കിള്ളി, കഞ്ചിയൂർക്കോണം | ഇടവക അക്കൗണ്ടന്റ്, ചർച്ച് ന്യൂസ് കൺവീനർ, യുവജനസംഘടന പ്രതിനിധി |
| 9. ലാജി ടീച്ചർ | എച്ച്.എസ്. കോമ്പൗണ്ട്, ചൂണ്ടുപലക, പോങ്ങറക്കോണം | സണ്ടേസ്കൂൾ പ്രതിനിധി, സ്ത്രീജനസഖ്യം പ്രതിനിധി |
| 10. ഷൈൻ വി. ജി. | കാക്കമുകൾ, മൈലോട്ടുമൂഴി, മുതിയാവിള | യുവജന സംഘടന പ്രതിനിധി, ദവനാരാധന കൺവീനർ |
| 11. എം.എഫ്.ഡിക്സൻരാജ് ടീച്ചർ | ചാരുപാറ, കുളത്തോട്ടുമല, ചൂണ്ടുപലക | സണ്ടേസ്കൂൾ പ്രതിനിധി |

## യുവജന സംഘടനയുടെ നേതൃത്വത്തിൽ ഏപ്രിൽ 17 ഞായറാഴ്ച നടന്ന ഈസ്റ്റർ ലക്കിഡിപ്പ് വിജയികൾ

| | | |
|---|---|---|
| ഒന്നാം സമ്മാനം | ഫ്രിഡ്ജ് | റവ.ആർ.എസ്.സുരേഷ് കുമാർ |
| രണ്ടാം സമ്മാനം | എൽ.സി.ഡി.ടി.വി | അബിൻരാജ്, കാന്തളബംഗ്ലാവ് |
| മൂന്നാം സമ്മാനം | വാട്ടർ പ്യൂരിഫയർ | സജു, സജുഭവൻ |

*മറ്റ് വിജയികൾ യുവജനസംഘടനാ സെക്രട്ടറിയെയോ. കൺവീനറെയോ സമീപിച്ച് സമ്മാനങ്ങൾ കൈപ്പറ്റേണ്ടതാണ്.*

| MAY | | | | | | 2016 |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | 31 | | | | |

# പ്രധാന പ്രോഗ്രാമുകൾ

## മെയ് 2016

| | | | |
|---|---|---|---|
| 1 ഞായർ | 7.00 | AM | **വിശുദ്ധ ആരാധന** (ഫസ്റ്റ് സർവ്വീസ്) |
| | 8.30 | AM | **വിശുദ്ധ ആരാധന** (സെക്കന്റ് സർവ്വീസ്) |
| | 10.00 | AM | ത്രൈവാർഷിക ഡീഖൻ തെരഞ്ഞെടുപ്പ് |
| 5 വ്യാഴം | 6.00 | PM | മിഷണറി കമ്മിറ്റി |
| | 7.00 | PM | സന്ധ്യാരാധന |
| 8 ഞായർ | 7.00 | AM | **വിശുദ്ധ ആരാധന** (ഫസ്റ്റ് സർവ്വീസ്) |
| | 8.30 | AM | **വിശുദ്ധ ആരാധന** (സെക്കന്റ് സർവ്വീസ്) |
| | 6.30 | PM | ഭവനാരാധന (ശ്രീമതി.സെലിൻജോർജ്, ഇമ്മാനുവേൽവില്ല) |
| 12 വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 14 ശനി | 9.30 | AM | **ഉപവാസ ആരാധന** |
| 15 ഞായർ | 7.00 | AM | **വിശുദ്ധ ആരാധന** (ഫസ്റ്റ് സർവ്വീസ്) |
| | 8.30 | AM | **വിശുദ്ധ ആരാധന** (സെക്കന്റ് സർവ്വീസ്) |
| | 6.30 | PM | ഭവനാരാധന (ശ്രീ.ദാസ്, പാലേലി) |
| 19 വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 22 ഞായർ | 7.00 | AM | **ഇംഗ്ലീഷ് ആരാധന** |
| | 8.30 | AM | **വിശുദ്ധ ആരാധന** (സെക്കന്റ് സർവ്വീസ്) |
| | 11.30 | AM | പുവർഫണ്ട്/പാലിയേറ്റിവ്കെയർ കമ്മിറ്റി |
| 26 വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 28 ശനി | 9.30 | AM | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 29 ഞായർ | 7.00 | AM | **വിശുദ്ധ ആരാധന** (ഫസ്റ്റ് സർവ്വീസ്) |
| | 8.30 | AM | **വിശുദ്ധ ആരാധന** |
| | 11.00 | AM | ചർച്ച്ന്യൂസ് എഡിറ്റോറിയൽ കമ്മിറ്റി |
| | 11.30 | AM | കരിയർ ഗൈഡൻസ് കമ്മിറ്റി . |
| | 6.30 | PM | ഭവനാരാധന (ശ്രീ.ഇ.വിജയരാജ്, ഗ്രേസ്ഡെയിൽ) |
| ജൂൺ 2 വ്യാഴം | | | |
| | 6.00 | PM | മിഷണറി കമ്മിറ്റി |
| | 7.00 | PM | സന്ധ്യാരാധന |
| ജൂൺ 5 ഞായർ | | | |
| | 7.00 | AM | **വിശുദ്ധ ആരാധന** (ഫസ്റ്റ് സർവ്വീസ്) |
| | 8.30 | AM | **വിശുദ്ധ ആരാധന** (സെക്കന്റ് സർവ്വീസ്) |
| | 11.30 | AM | ഇടവക കമ്മിറ്റി |

## കാട്ടാക്കട ഇടവകയിലേയ്ക്ക് സ്വാഗതം




## 5-ാം വിവാഹ വാർഷികം 26/05/2016




സായിഭദ്ര

# SAI BHADRA

## Decorations Hire Services

Near Jayavinayaka Theatre
KATTAKADA



ആഘോഷങ്ങൾക്കും മറ്റ് ചടങ്ങുകൾക്കും ആവശ്യമായ സാധനസാമഗ്രികൾ
മിതമായനിരക്കിൽ എത്തിച്ചുകൊടുക്കുന്നു.

FIBER SHEET PANTHAL, HANGER, COOLER, TABLE, CHAIR, VIP CHAIR, NETTIPATTAM, CHEF'N DISH, GAS STOVE, STAGE DECORATIONS, STAGE ARRANGEMENT, MANDAPAM DECORATION, FLOWER DECORATION & DECORATION ITEMS

Contact: K.ANIL - 9446 173 501, 9072 085 870

C.S. Offset, Kattakada Ph:0471-2290534